# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1798 — 31.01.2018 -ൽ മറുപടിക്ക്

## വഖഫ് ബോർഡ് നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് : | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വഖഫ് ബോർഡ് നിയമനം പി.എസ്.സി ക്ക് വിടുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) നിലവിലുള്ള കേന്ദ്ര വഖഫ് നിയമങ്ങൾക്കും റഗുലേഷനും വിരുദ്ധമായ ഈ നീക്കം പുന:പരിശോധിക്കുവാൻ തയ്യാറാകുമോ; | (ബി) വഖഫ് ആക്ട് അനുസരിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച കേരള സംസ്ഥാന വഖഫ് ബോർഡ് റഗുലേഷൻസ് 2016 പ്രകാരം ജീവനക്കാരുടെ നിയമാധികാരം ബോർഡിൽ നിക്ഷിപ്തമായിരുന്നു. എന്നാൽ കാര്യക്ഷമതയും ഉത്തരവാദിത്തവും നൈപുണ്യതയുമുള്ള ജീവനക്കാരുടെ സേവനം ബോർഡിന് മുതൽക്കൂട്ടാകുമെന്നതിനാലും നിയമനങ്ങൾ പി.എസ്.സി വഴിയാകണമെന്ന സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലും 19-07-16-ൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബോർഡ് ചെയർമാൻ, മെമ്പർമാർ എന്നിവരുൾപ്പെട്ട യോഗത്തിൽ ബോർഡിൽ ഒഴിവ് വരുന്ന തസ്തികകളിലേയ്ക്ക് പി.എസ്.സി മുഖേന നിയമനം നടത്തുവാൻ തീരുമാനമെടുക്കുകയും അതിനനുസരിച്ച് റഗുലേഷനിൽ ഭേദഗതി വരുത്താനുള്ള നടപടികൾ ആരംഭിക്കുകയുമുണ്ടായി. ഇത് കേന്ദ്ര ആക്ടിന് വിരുദ്ധമായ നടപടിയല്ല. |

| | |
|---|---|
| (സി) വഖഫ് ബോർഡിനു സമാനമായ മറ്റു ബോർഡുകളിലെയും സർക്കാർ ഗ്രാന്റുകൾ വാങ്ങുന്ന പൊതു സ്ഥാപനങ്ങളിലെയും നിയമനങ്ങൾ അതാതു ബോർഡുകൾ തന്നെ നടത്തുമ്പോൾ വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി ക്ക് വിടുന്നതിന്റെ കാരണമെന്താണ്; വിശദാംശം നൽകാമോ? | (സി) സ്ഥിരം തസ്തികകളിലേയ്ക്കുള്ള എല്ലാ നിയമനങ്ങളും പി.എസ്.സി മുഖേന നടത്തുകയെന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. കേരള സംസ്ഥാന വഖഫ് ബോർഡിൽ കാര്യക്ഷമതയും ഉത്തരവാദിത്വവും വൈദഗ്ധ്യവും ഉള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കുക എന്നതാണ് പി.എസ്.സി മുഖേനയുള്ള നിയമനം വഴി സർക്കാർ ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**